**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

## ഡ്യൂട്ടി സമയത്ത് അക്രമത്തിനിരയായ പോലീസുകാരുടെ ചികിത്സചെലവ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 117 26/02/2018-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഡ്യൂട്ടി സമയത്ത് അക്രമത്തിനിരയായ പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ചികിത്സയുടെ ചെലവ് അപ്പോൾ തന്നെ സർക്കാർ വഹിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; മറ്റ വിദഗ്ധ ചികിത്സ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ സർക്കാർ ആശുപത്രികളിൽ മാത്രമല്ല സ്വകാര്യ ആശുപത്രികളിലും സൗജന്യമായി ചികിത്സ നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഡ്യൂട്ടി സമയത്ത് അക്രമത്തിനിരയായ പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ ചികിത്സയുടെ ചെലവ് അപ്പോൾ തന്നെ സർക്കാർ വഹിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.<br>കേരള പോലീസ് ആക്ട് 2011 സെക്ഷൻ 104 പ്രകാരം രൂപീകരിച്ചിട്ടുള്ള പോലീസ് വെൽഫെയർ ബ്യൂറോ അടിയന്തിര ഘട്ടങ്ങളിൽ ഡ്യൂട്ടി സമയത്ത് അക്രമത്തിനിരയായ പോലീസ് ഉദ്യോഗസ്ഥർക്ക് ധനസഹായം നൽകിവരുന്നുണ്ട്. വെൽഫെയർ ബ്യൂറോ മുഖാന്തിരം നൽകി വരുന്ന ധനസഹായത്തിന് സർക്കാർ ആശുപത്രി കൂടാതെ സ്വകാര്യ ആശുപത്രിയും പരിഗണിച്ച് വരുന്നു. |
| (ബി) | ഒരു സമരവുമായി ബന്ധപ്പെട്ട് തൃത്താലയിൽ പരിക്ക് പറ്റിയ പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സചെലവ് അടിയന്തരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരിൽ അഞ്ചോളം പേർക്ക് പ്രക്ഷോഭകാരികളിൽ നിന്നുള്ള ആക്രമണത്തിൽ പരിക്കേൽക്കുകയുണ്ടായി. ഇതിൽ |

| | | | |
|---|---|---|---|
| | | | ഗുരുതരമായി പരിക്കുപറ്റിയ ഉദ്യോഗസ്ഥന് ടിയാന്റെ ചികിത്സയ്ക്കായി കെ.പി.ഡബ്ല്യു & എ ഫണ്ടിൽ നിന്നും ഗ്രാന്റായി 10,000 രൂപ പാലക്കാട് ജില്ലാ പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുള്ളതും കൂടാതെ 10,000 രൂപ പ്രസ്തുത ഫണ്ടിൽ നിന്നും പലിശരഹിത വായ്പയായി ടിയാന് നൽകിയിട്ടുള്ളതുമാണ്. പോലീസ് വെൽഫയർ ബ്യൂറോയിൽ നിന്നും ആശുപത്രി ചികിത്സാ ചെലവ് ടിയാന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറ്റ് സഹായങ്ങൾ ഒന്നും തന്നെ ടിയാന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ